**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2003** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | null<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വളരെ കുറച്ച് അക്ഷയ കേന്ദ്രങ്ങളിൽ മാത്രമാണ് ആധാർ സേവനങ്ങൾ നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ബഹുഭൂരിപക്ഷം അക്ഷയ കേന്ദ്രങ്ങളിലും പുതിയ ആധാർ രജിസ്ട്രേഷൻ, ആധാർ അപ്ഡേഷൻ, ഇ ആധാർ പ്രിന്റ് എടുക്കൽ, കുട്ടികളുടെ ആധാർ എൻറോൾമെന്റ് തുടങ്ങിയ ആധാറിന്റെ സേവനങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ ഉണ്ട് എന്ന വിവരവും ആയതിൽ ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങളുടെ വിവരവും ലഭ്യമാക്കാമോ; | (ബി) | ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 29 അക്ഷയ കേന്ദ്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ പ്രവർത്തിച്ചുവരുന്ന 26 അക്ഷയ കേന്ദ്രങ്ങളിൽ 4 എണ്ണത്തിൽ അംഗീകൃത ഓപ്പറേറ്റർമാരില്ലാത്തതിനാൽ ആധാറുമായി ബന്ധപ്പെട്ട് സേവനങ്ങളൊന്നും നൽകുന്നില്ല. ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആധാർ സേവനങ്ങൾ നൽകാത്ത അക്ഷയ കേന്ദ്രങ്ങൾക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ വിശദീകരിക്കാമോ; | (സി) | എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പുതിയ ആധാർ എൻറോൾമെന്റ് നിർബന്ധമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം ഓരോ അക്ഷയ കേന്ദ്രത്തിലും നിർബന്ധമായി ഉണ്ടാവേണ്ട സാമഗ്രികളുടെ കൂട്ടത്തിൽ ആധാർ എൻറോൾമെന്റ് നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആധാർ എൻറോൾമെന്റിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് സംരംഭകർക്ക് സാമ്പത്തികമായി അധിക ബാധ്യത ഉണ്ടാവുന്നത് സംരംഭകരെ പിന്തിരിപ്പിക്കുന്നു. കൂടാതെ പുതിയതായി ആധാർ എൻറോൾമെന്റ് നടത്തുന്ന മുതിർന്ന ആളുകളുടെ എണ്ണവും താരതമ്യേന കുറവായതിനാൽ ഇക്കാര്യത്തിൽ കൂടുതൽ നിക്ഷേപത്തിന് സംരംഭകർ മുതിരുന്നില്ല. കുട്ടികളുടെ ആധാർ എൻറോൾമെന്റ് നടത്തുന്നതിനുള്ള ടാബ് സർക്കാർ മുഖേന എല്ലാ അക്ഷയ കേന്ദ്രങ്ങൾക്കും നൽകിയിട്ടുണ്ട്. ആധാർ അപ്ഡേഷൻ , ഇ-ആധാർ ഡൗൺലോഡിംഗ് എന്നീ സേവനങ്ങൾ എല്ലാ അക്ഷയ കേന്ദ്രങ്ങളും നിർബന്ധമായും ചെയ്യേണ്ട |

| | | | |
|---|---|---|---|
| | | | സേവനങ്ങളാണ്. ബഹുഭൂരിപക്ഷം കേന്ദ്രങ്ങളിലും ടി സേവനങ്ങൾ ചെയ്തുവരുന്നുണ്ട്. |
| (ഡി) | വൻ തിരക്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 30/07/2021 ലെ സ.ഉ.(കൈ)നം.24/2021/വിസവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ആയും, മുനിസിപ്പാലിറ്റികളിൽ 1.5 കി.മീ ആയും കോർപ്പറേഷനുകളിൽ 1 കി.മീ ആയും പുനഃക്രമീകരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നിലവിൽ ആധാർ എൻറോൾമെന്റും അപ്ഡേഷനും ചെയ്യാത്ത 4 അക്ഷയ കേന്ദ്രങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| Sl. No. | Centre Code | Block | Local Body | Location Name | Aadhaar Service Yes/No | Remarks |
|---|---|---|---|---|---|---|
| 1. | TSR 021 | Chavakkad | Kadappuram | Thottappu | No | No operator |
| 2. | TSR 032 | Guruvayur Muncipality | Guruvayur Muncipality | Pala Bazar Jn. | No | No operator |
| 3. | TSR 197 | Chavakkad Muncipality | Chavakkad Muncipality | Saifulla Road | No | No operator |
| 4. | TSR 242 | Chavakkad | Punnayur | Edakazhiyur | No | New Centre & No TAB |